# *The Archdiocese of Trichur*

**Catholic Archbishop's House**
**P.B.No.706, Trichur – 680 005**

---

1469/2018 C-7
27/07/2018

## സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെ പ്രസക്തിയും സ്വാധീനവും വളരെ വർദ്ധിച്ചിരിക്കുന്ന കാലഘട്ടമാണിത്. സമൂഹത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മേഖലകളിലെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള സംവിധാനങ്ങളാണ് നിയമനിർമ്മാണം, നീതിനിർവ്വഹണം, ഭരണനിർവ്വഹണം. എന്നാൽ നാലാം എസ്റ്റേറ്റ് എന്ന് അറിയപ്പെടുന്ന മാധ്യമങ്ങൾ സമൂഹത്തിന ചെയ്യുന്ന സേവനങ്ങൾ നിസ്തുലങ്ങളാണ്. ഈ മേഖലയിൽ സത്യസന്ധമായി പ്രവർത്തിക്കുന്ന എല്ലാവരെയും സമൂഹം നന്ദിയോടെ ഓർക്കേണ്ടതാണ്.

സാമൂഹ്യസമ്പർക്ക മേഖലയിൽ ഇന്നു കാണുന്ന സ്ഫോടനാത്മകമായ വികാസത്തിന്റെ മുമ്പിൽ ആധുനികമനുഷ്യൻ അമ്പരന്നു നില്ക്കുകയാണ്. സാമൂഹ്യജീവിയായ മനുഷ്യന്റെ ജീവിതത്തിൽ നവമാധ്യമങ്ങൾ നന്മയ്ക്കും തിന്മയ്ക്കും കാരണമാകുന്നുണ്ട്. നൂതന സാമൂഹ്യമാധ്യമമായ സോഷ്യൽ മീഡിയ, പത്രങ്ങളെയും ചാനലുകളെയും കടത്തിവെട്ടി മനുഷ്യനെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. സത്യത്തിന്റെ ആവിഷ്ക്കരണമാകേണ്ട ഈ മാധ്യമങ്ങൾ അസത്യത്തിന്റെ, അർദ്ധസത്യത്തിന്റെ അവതരണമാകുമ്പോൾ മനുഷ്യന്റെ സമാധാനവും സന്തോഷവും നഷ്ടപ്പെടുന്നു: മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനത്തിന്റെ വെളിച്ചത്തിൽ, സമ്പർക്കമാധ്യമങ്ങളുടെ ശരിയായ ധർമ്മത്തെക്കുറിച്ച് ലോകത്തെ ഓർമ്മപ്പെടുത്തുന്നതിന വേണ്ടി പോൾ ആറാമൻ പാപ്പ 'ലോകസമ്പർക്കമാധ്യമദിനം' (World Communication Day) 1967 മുതൽ ആചരിക്കാൻ ആഹ്വാനം ചെയ്തു. 2018ലെ മാധ്യമദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ ''സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8:32), വ്യാജവാർത്തകളും സമാധാനത്തിനു വേണ്ടിയുള്ള പത്രപ്രവർത്തനവും'' ("The Truth will set you free" (Jn. 8:32), Fake news and Journalism for peace) എന്ന ശീർഷകത്തിൽ എഴുതിയ കാര്യങ്ങൾ കേരളത്തിന്റെ ഇന്നത്തെ പശ്ചാത്തലത്തിൽ വളരെ പ്രസക്തമാണ്.

ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നതുപോലെ ദൈവികപദ്ധതിയിൽ സമ്പർക്ക മാധ്യമങ്ങളുടെ ലക്ഷ്യം സാമൂഹ്യജീവിയായ മനുഷ്യൻ സത്യം, നന്മ, സൗന്ദര്യം, സന്തോഷം തുടങ്ങിയവയുടെ അറിവും അനുഭവവും പ്രകടിപ്പിക്കുകയും പങ്കുവയ്ക്കുകയുമാണ്. എന്നാൽ ഇന്ന് രാഷ്ട്രീയ-വാണിജ്യ-സാമ്പത്തിക-വർഗ്ഗീയ സ്വാർത്ഥലക്ഷ്യങ്ങൾക്കുവേണ്ടി അസത്യങ്ങളും അർദ്ധസത്യങ്ങളും അതിവർണ്ണിത വസ്തുതകളും അവതരിപ്പിക്കുന്ന വ്യാജവാർത്തകൾ (Fake news) മാധ്യമങ്ങളുടെ ധർമ്മം തകർക്കുന്നതായി കാണുന്നു. നിഷേധാത്മകവാർത്തകൾക്കാണ് (Negative news) പ്രചാരം (rating) കൂടുതൽ ലഭിക്കുക എന്ന കണ്ടുപിടുത്തത്തിൽ ചിലർ വാർത്തകളെ അപ്രകാരം രൂപപ്പെടുത്തുന്നു. സെൻസേഷണൽ (Sensational) ആയ വാർത്തകൾ പലതും മനുഷ്യനിൽ അമ്പരപ്പും, ഉത്കണ്ഠയും, നിരാശയും ഉളവാക്കുകയും തിന്മയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഏതെങ്കിലും കാരണത്താൽ സ്വീകാര്യരല്ലത്താവരെ നിഷേധാത്മക വാർത്തകളിലൂടെ തെറ്റായി ചിത്രീകരിക്കാനും, അവരെ അടിച്ചമർത്താനും താഴ്ത്തികെട്ടാനും ശ്രമങ്ങൾ നടക്കുന്നതായി പരാതികളുയരുന്നു.

ഫ്രാൻസിസ് പാപ്പ വിശദീകരിക്കുന്നതുപോലെ നുണകളുടെ പിതാവായ പിശാച് (യോഹ. 8:44) വിലക്കപ്പെട്ട കനിയെ ഹവ്വായുടെ മുമ്പിൽ നന്മയായി അവതരിപ്പിച്ച്, ദൈവത്തെപ്പോലെയാകുമെന്ന് വ്യാമോഹിപ്പിച്ച് (ഉത്പ. 3:1-5), തെറ്റ് ചെയ്യാൻ പ്രേരിപ്പിക്കുന്നു. അധികാരം, സാമ്പത്തികലാഭം, ശത്രുസംഹാരം, അധമസന്തോഷം തുടങ്ങിയവ ലക്ഷ്യം വെച്ചുള്ള വ്യാജവാർത്തകൾ ഇന്ന് സാധാരണമായിക്കൊണ്ടിരിക്കുന്നു. വ്യാജവാർത്തകൾ ''വൈറൽ'' (Viral) ആകുന്നത് സത്യത്തെ ക്രൂശിക്കാനും കബറടക്കാനും നന്മയെ ഇല്ലാതാക്കാനും വിശ്വാസജീവിതത്തെ തകർക്കാനും കാരണമാകുന്നു. നുണ നൂറു പ്രാവശ്യം പറഞ്ഞാൽ അത് സത്യമായി ജനം വിശ്വസിച്ചുകൊള്ളുമെന്ന നാസി ചിന്ത ചില മാധ്യമപ്രവർത്തകർക്കുള്ളതായി തോന്നുന്നു. ഈ പ്രവണതയ്ക്കെതിരെ എല്ലാ മനുഷ്യരും ജാഗരൂകരായി ഉണർന്നെഴുന്നേല്ക്കേണ്ടിയിരിക്കുന്നു.

സത്യമാണ് മനുഷ്യരെ ശരിയായ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുക (യോഹ. 8:32). മാധ്യമധർമ്മം സത്യത്തിന്റെ ശുശ്രൂഷയാണ്. മനുഷ്യനിലെ നന്മ വളർത്തുകയും അവനെ ശരിയായ സന്തോഷത്തിലേക്കും മാനവ ഐക്യത്തിലേക്കും നയിക്കുകയുമാണ് അതിന്റെ ലക്ഷ്യം. നന്മയെ, നന്മ ചെയ്യുന്നരെ പ്രോത്സാഹിപ്പിക്കാൻ മാധ്യമങ്ങൾക്കാകണം.

ഇന്നത്തെ ഇന്ത്യയുടെ, പ്രത്യേകിച്ചും, കേരളത്തിന്റെ പശ്ചാത്തലത്തിൽ സഭ പലപ്പോഴും മാധ്യമപീഡനത്തിന്റെ പിടിയിലാണ്. വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാരംഗത്തും രാഷ്ട്രനിർമ്മിതിയിലും നിസ്വാർത്ഥമായ സേവനം ചെയ്ത ക്രൈസ്തവ സമൂഹത്തെ പലരും ആക്രമിക്കുന്ന പ്രവണത കണ്ടുവരുന്നു. ജനത്തിന്റെ ഇടയിൽ പ്രത്യേകിച്ചും പാവപ്പെട്ടവരുടെ ഇടയിലുള്ള സ്വാധീനം കുറക്കാനും സഭാവിശ്വാസം തകർക്കാനും സഭയുടെ വളർച്ചയെ തടയാനും ലക്ഷ്യം വച്ചുള്ളതാണ് മാധ്യമങ്ങളിലൂടെയുള്ള ആക്രമണമെന്ന് തോന്നിപോകുന്നു. കുമ്പസാരം, പൗരോഹിത്യം തുടങ്ങിയ കൂദാശകളെ നികൃഷ്ടമാക്കി അവതരിപ്പിച്ച് ക്രൈസ്തവവിശ്വാസം ജനങ്ങളിൽ നിന്ന് ഇല്ലാതാക്കാൻ ശ്രമങ്ങൾ നടക്കുന്നു. സഭയിലെ നന്മയുടെ പ്രതീകങ്ങൾ തകർക്കുക ഇക്കൂട്ടരുടെ പ്രവർത്തനശൈലികളിൽ ഒന്നാണ്. മദർ തെരേസയെ പോലുള്ള നന്മയുടെ പ്രതീകങ്ങളെ തികച്ചും തെറ്റായും വർഗ്ഗീയമായും അവതരിപ്പിച്ചുതുടങ്ങിക്കാണുന്നു. 'ഇടയനെ അടിക്കുക, ആടുകൾ ചിതറിക്കപ്പെടും' എന്ന ധാരണയിൽ സഭാനേതൃത്വത്തിനെതിരെയുള്ള കടന്നാക്രമണങ്ങളും കള്ളപ്രചരണങ്ങളും സർവ്വസാധാരണമായി ചിലമാധ്യമങ്ങളിൽ കണ്ടുതുടങ്ങിയിരിക്കുന്നു. 'ശത്രുവിനെ സ്നേഹിക്കുക' എന്നു പറഞ്ഞ ക്രിസ്തുവിന്റെ അനുയായികളായതിനാൽ യഥാർത്ഥ ക്രൈസ്തവർ 'തിരിച്ചടിക്കില്ല' എന്ന് ഉറപ്പുള്ളതിനാലാണ് പലപ്പോഴും ചില മാധ്യമങ്ങൾ ക്രൈസ്തവരെ തിരഞ്ഞുപിടിച്ച് ആക്രമിക്കുന്നത എന്ന് ചിന്തിക്കുന്നവർ ധാരാളമാണ്. നന്മ ചെയ്തുകൊണ്ടിരിക്കുന്നവരുടെ ഇടയിൽ ഉണ്ടാകുന്ന ചെറിയ തെറ്റുകൾപ്പോലും വലിയ വാർത്തകളാണ്. അവയെ പർവതീകരിച്ച് അവതിരപ്പിക്കുന്നത് മാധ്യമപ്രചാരണത്തിനും സ്വാർത്ഥലക്ഷ്യപ്രാപ്തിക്കും ഉപയുക്തമാകുമെന്ന് ഇക്കൂട്ടർ കരുതുന്നു. മാത്രമല്ല, ചെറിയ അജഗണമായ നമ്മുടെ സമൂഹത്തെ പൊതുശത്രുവിനെപ്പോലെ ചിത്രീകരിച്ച് ആക്രമിക്കുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള വർഗ്ഗീയ ധ്രുവീകരണത്തിന ഉപകാരപ്രദമായി കാണുന്നവരുമുണ്ട്.

ക്രിസ്തുശിഷ്യരിൽ ഒറ്റിക്കൊടുത്ത യൂദാസും, തള്ളിപ്പറഞ്ഞ പത്രോസും സ്ഥാനമാനങ്ങൾ ആഗ്രഹിച്ച സെബദീപുത്രന്മാരും ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തു സ്ഥാപിച്ച സഭയെ യൂദാസുമാരുടെ സംഘത്തെപ്പോലെ ചുരുക്കം ചില മാധ്യമങ്ങൾ ചിത്രീകരിക്കുന്നത് മനഃപൂർവ്വമാണെന്നാണ വിലയിരുത്തപ്പെടുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഭ മുഴുവൻ പലപ്പോഴും അവഹേളിക്കപ്പെടുകയാണ്. കുമ്പസാരമെന്ന വിശുദ്ധ കൂദാശക്കെതിരെ നിലപാടുകൾ എടുക്കാൻ അധികാരസ്ഥാനത്തിരിക്കുന്നവർപോലും ശ്രമിക്കുന്നുന്നത് മതസ്വാതന്ത്ര്യത്തിന്റെ ലംഘനവും മതവികാരത്തിന്റെ വ്രണപ്പെടുത്തലുമാണ്. അനേക വർഷങ്ങൾ ആലംബഹീനർക്ക് അത്താണിയായി പ്രവർത്തിക്കുന്ന സഭയുടെ ആതുരസേവന സ്ഥാപനങ്ങളുമായി

ബന്ധപ്പെട്ട ആരുടെയങ്കിലും കൈയിൽ നിന്നും വരുന്ന ഒറ്റപ്പെട്ട കൈപ്പിഴയുടെ പേരിൽ സഭാസ്ഥാപനങ്ങളെയും അധികൃതരെയും താറടിക്കുന്ന പ്രവണത അപലപനീയമാണ്. മിഷനറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സിന്റെ സ്ഥാപനങ്ങൾക്കെതിരെ ഇപ്രകാരം നടത്തുന്ന കുപ്രചരണങ്ങൾ ഏറെ വേദനാജനകമാണ്. ഏതെങ്കിലും സ്ഥാപനത്തിനോ വ്യക്തിക്കോ നേതൃത്വത്തിനോ എതിരെ പരാതിയോ കേസോ കൊടുത്ത് വാർത്ത സൃഷ്ടിച്ച് തെറ്റായ പ്രചരണങ്ങൾ നടത്തുന്നത് കൂടിവരുന്നു. സഭാസ്ഥാപനങ്ങളെയും പ്രവർത്തകരെയും കേസിൽ കുടുക്കി വിഷമിപ്പിക്കുന്നത് മതപീഡനത്തിന്റെ മറ്റൊരു മുഖമാണ്. മാധ്യമവിചാരണ നടത്തുന്നവർ പരാതിയുടെ/കേസിന്റെ നിജസ്ഥിതിയെ കുറിച്ച് പലപ്പോഴും അധികമൊന്നും അന്വേഷിക്കാറില്ല. പിന്നീട് അന്വേഷണത്തിന്റെ വെളിച്ചത്തിൽ പരാതിക്ക്/കേസിന് അടിസ്ഥാനമോ തെളിവോ ഇല്ലെന്ന് വിധി വരുമ്പോൾ അത് മാധ്യമങ്ങൾക്ക് വാർത്തയല്ല. സത്യത്തിന് പ്രചാരമില്ലാത്ത അവസ്ഥ. യൂദാസ് ക്രിസ്തുവിനെ ഒറ്റിക്കൊടുത്തതുപോലെ സഭയുടെ ഉള്ളിൽ നിന്നുതന്നെയുള്ള ആക്രമണങ്ങളാണ് സഭയെ കൂടുതൽ പ്രതിരോധത്തിലാക്കുന്നത്. സഭാശത്രുക്കൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് സഭാംഗങ്ങളെ തന്നെയാണ്. അതിനാൽ സഭാംഗങ്ങൾക്ക് ജാഗ്രതയും സഭാസ്നേഹവും കൂട്ടായ്മ മനോഭാവവും അനിവാര്യമാണ്.

മാധ്യമചർച്ചകളിൽ പലപ്പോഴും കാണുന്നത് അവതാരകന്റെ ലക്ഷ്യം നേടാൻ പറ്റുന്നവരെ, (സഭാവക്താക്കാളായി സ്വയം ചമയുന്നവരെ ഉൾപ്പെടെ), മാത്രം ചർച്ചയ്ക്ക് ക്ഷണിക്കുന്നതാണ്. അവതാരകന്റെ ലക്ഷ്യം നേടുന്നതിന വിരുദ്ധമായി ആരെങ്കിലും പറയാൻ തുനിഞ്ഞാൽ അവരെക്കൊണ്ട് സംസാരിപ്പിക്കാതിരിക്കാൻ ശ്രമിക്കുന്നതും കാണാറുണ്ട്. മാധ്യമലോകത്തെ ഈ പ്രവർണതകളെക്കുറിച്ചുള്ള തിരിച്ചറിവ് നമുക്ക് അനിവാര്യമാണ്.

സത്യമാണ് നമ്മെ സ്വതന്ത്രരാക്കുക. സത്യം ഒരു ദിവസം പുറത്തുവരും. കുമ്പസാര രഹസ്യം കാത്തുസൂക്ഷിച്ച ബനഡിക്ട് ഓണംകുളം അച്ചൻ കൊലപാതകിയായിരുന്നില്ല എന്ന സത്യം പുറത്തുവന്നത് ദശവർഷങ്ങൾക്കുശേഷമാണ്. പക്ഷേ, അതിനു ഒട്ടും വാർത്താപ്രാധാന്യം ലഭിച്ചില്ല. സഭയുടെ ചരിത്രത്തിൽ പീഢാസഹനങ്ങൾ എന്നുമുണ്ടായിട്ടുണ്ട്. യേശു പറയുന്നു ''നിങ്ങൾ എന്നെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്ക് നയിക്കപ്പെടും'' (മത്താ. 10:18) ''ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെ എന്നപോലെയാണ്'' (മത്താ. 10:16) പലപ്പോഴും നാം അയയ്ക്കപ്പെടുന്നത്. എന്നാൽ യേശു നമ്മോടു പറയുന്നത് 'ഭയപ്പെടണ്ട' എന്നാണ്. ബൈബിളിൽ 365 പ്രാവശ്യം 'ഭയപ്പെടേണ്ട' എന്ന പദപ്രയോഗം ഉള്ളതായി കാണാം. ദൈവത്തെ സ്നേഹിക്കുന്ന നമുക്ക് എല്ലാം നന്മയ്ക്കായി പരിണമിക്കപ്പെടും (റോമ. 8:28). നാം നേരിടുന്ന വെല്ലുവിളികൾ സഭയുടെ വിശുദ്ധീകരണത്തിനും സഭാംഗങ്ങളുടെ വിശ്വാസം ആഴപ്പെടുന്നതിനും കാരണമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് വന്നപ്പോഴാണ് അവർ ശക്തി പ്രാപിച്ചത് (അപ്പ. 2). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാണ് (മത്താ. 10:19-20) നാം ഈ പ്രതിസന്ധികളെ നേരിടേണ്ടത്.

തെറ്റായ മാധ്യമപ്രവർത്തനങ്ങൾ വഴി നമ്മെ ചിതറിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി മനസിലാക്കുന്നു. മാധ്യമപ്രവർത്തകർ അസത്യപ്രചരണങ്ങൾക്ക് കൂട്ട് നില്ക്കരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. തെറ്റിനെ നാം ഒരിക്കലും ന്യായീകരിക്കുവാൻ പാടില്ല. സഭാംഗങ്ങളിൽ ആരു തെറ്റുചെയ്താലും സഭയുടെ നിയമങ്ങൾക്കനുസരിച്ചും, രാജ്യത്തിന്റെ നിയമങ്ങൾക്കനുസരിച്ചും നടപടികൾക്ക് വിധേയരാകണം. പ്രതിസന്ധി ഘട്ടങ്ങളിൽ നാം ചിതറരുത്; നമ്മുടെ വിശ്വാസം ക്ഷയിക്കാൻ ഇടവരുത്തരുത്. നാം ഒറ്റക്കെട്ടായി നില്ക്കണം. പ്രാർത്ഥനയും ദൈവവചനവും പരസ്നേഹവുമാണ് നമ്മുടെ ആയുധം (എഫേ. 6:13-18). നമുക്ക് പരിശുദ്ധത്മാവിന്റെ കൃപയ്ക്കായി ശക്തമായി പ്രാർത്ഥിക്കാം.


വി. പൗലോസ്ശ്ലീഹാ പറഞ്ഞതുപോലെ, 'നമ്മെ ശക്തനാക്കുന്നവനിലൂടെ നമുക്ക് എല്ലാ ചെയ്യാൻ സാധിക്കും' (ഫിലി. 4:13). 'ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആരു നമുക്ക്

എതിരു നില്ക്കും' (റോമ. 8:31). അതിനാൽ എത്ര വലിയ പ്രതിസന്ധി വന്നാലും ക്രിസ്തുവിലുള്ള വിശ്വാസം മുറുകെ പിടിച്ച് സഭാനേതൃത്വത്തോട് ചേർന്നുനിന്ന് പരിശുദ്ധാത്മാവിനാൽ പണിയപ്പെട്ട ഭവനമായ സഭയിൽ (എഫേ. 2:19-21) നമ്മെ ക്രിസ്തു ഭരമേല്പിച്ച ദൗത്യം സധൈര്യം നിറവേറ്റാം. സുവിശേഷമറിയിക്കാനും, സുഖപ്പെടുത്താനും, തിന്മയെ എതിർക്കാനും (ലൂക്ക. 4:18; മാർക്കോ. 3: 14-15) അതുവഴി ക്രിസ്തുവിന ധീരതയോടെ സാക്ഷ്യം വഹിക്കാനും (അപ്പ. 1:8) നമുക്ക് ഒന്നായി അണിചേരാം.

നമ്മുടെ കൂട്ടായ്മ പ്രകടിപ്പിക്കുന്നതിനും സഭ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ കുറിച്ച് മനസ്സിലാക്കാനും അവയെ എങ്ങനെ ക്രിസ്തീയമായി നേരിടാമെന്ന് ചിന്തിക്കാനും പ്രാർത്ഥിക്കാനുമായി നമ്മുടെ അതിരൂപതയിലെ ഒരു പ്രതിനിധിസമ്മേളനം 2018 ആഗസ്റ്റ് 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വച്ച് നടക്കുന്നു. നിങ്ങളെയേവരെയും പ്രത്യേകം ക്ഷണിക്കുന്നു. എല്ലാ ഇടവകകളിലെയും സംഘടന, കുടുംബകൂട്ടായ്മ ഭാരവാഹികളും, പ്രതിനിധി യോഗാംഗങ്ങളും, വൈദികരും, സന്യസ്തരും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും, മതാധ്യാപകരും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

മിശിഹായിൽ സ്നേഹപൂർവ്വം,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

---

NB:

1. ഈ സർക്കുലർ 2018 ജൂലൈ 29 ഞായറാഴ്ചയോ, അന്ന് സാധിച്ചില്ലെങ്കിൽ ആഗസ്റ്റ് 5 ഞായറാഴ്ചയോ എല്ലാ പള്ളികളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. ആഗസ്റ്റ് 5ലെ പ്രതിനിധി സമ്മേളനത്തിലേക്ക് 5 പ്രതിനിധികളെയെങ്കിലും പറഞ്ഞയക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വൈദികരും സന്യസ്തരും മതാധ്യാപകരും സംഘടനാഭാരവാഹികളും ആവശ്യമായ നേതൃത്വം ഇക്കാര്യത്തിൽ നല്കേണ്ടതാണ്.
2. സഭനേരിടുന്ന മേൽപറഞ്ഞ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ഇടവകകൾ തോറും പ്രാർത്ഥനയും ക്രിസ്തീയ പ്രതികരണങ്ങളും, ബോധവത്കരണ പരിപാടികളും നടത്തുവാൻ ആഹ്വാനം ചെയ്യുന്നു.
3. 2018 ആഗസ്റ്റ് 10 വെള്ളിയാഴ്ച്ച വിലാപദിനമായി (Day of mourning) ആചരിക്കാൻ സി. ബി. സി. ഐ.യുടെ ദളിത വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഓഫീസ് ആഹ്വാനം ചെയ്തിട്ടുണ്ട്. 1950ലെ പ്രസിഡൻഷ്യൽ ഓർഡർ ഇപ്രകാരമാണ്. "No person who professes a religion other than Hinduism shall be deemed to be a member of the Scheduled Caste". SC വിഭാഗത്തിൽ പിന്നീട് സിക്കുകാരെയും (1956) ബുദ്ധമതക്കാരെയും (1990) ഉൾപ്പെടുത്തി. എന്നാൽ ക്രൈസ്തവ-മുസ്ലിം ദളിതരെ ഇതുവരെയും ഉൾപ്പെടുത്തിയിട്ടില്ല. ഈ വിവേചനത്തിനെതിരെ പ്രതികരിക്കാനാണ് വിലാപദിനം ആചരിക്കാൻ സി. ബി. സി. ഐ. ആഹ്വാനം ചെയ്യുന്നത്. + AT